Draft #4 of File 41723/PRO SECTION /1/2019/PRO Approved by FINANCE OFFICER on 19-Mar-2020 12:18 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാല ബജറ്റ് 2019-20 - ബജറ്റ് ശീർഷകം - 22 101 13 Advertisement Charges - അധിക തുക വകയിരുത്തൽ - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**ബജറ്റ് സെക്ഷൻ**

നമ്പർ. 1684/BUDGET (C)/2020/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 19.03.2020

---

*പരാമർശം:-*(1) പി .ആർ .ഓ യുടെ 07-02-2020 ലെ കുറിപ്പ്

(2) ബഹു. വൈസ് ചാൻസലറുടെ 19 -02 -2020 ലെ ഉത്തരവ്

(3) സർവകലാശാല ഉത്തരവ് നം.5224 /Fin.4/ 2019/എം ജി യു തിയ്യതി 28-10-2019

(4) 29-02-2020 ലെ ധനകാര്യ ഉപസമിതി യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ 41723

(5) ബഹു. വൈസ് ചാൻസലറുടെ 13-03-2020 ലെ ഉത്തരവ്

**ഉത്തരവ്**

2019-20 സാമ്പത്തിക വർഷം സർവകലാശാല ബഡ്ജറ്റിലെ 22 101 13 - Advertisement Charges എന്ന ശീർഷകത്തിൽ 30 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്. ഈ തുക കൂടാതെ വിവിധ മാധ്യമ സ്ഥാപനങ്ങൾക്ക് പരസ്യ ചിലവിനത്തിൽ 2017-18 മുതലുള്ള കുടിശ്ശികയടക്കം കൊടുത്തുതീർക്കുവാൻ നടപ്പുസാമ്പത്തിക വർഷം 40,00,000/- രൂപ ( നാല്പത് ലക്ഷം രൂപ മാത്രം ) അധികമായി ടി Head of Account ൽ അനുവദിക്കണമെന്ന് സൂചന (1) പ്രകാരം പി ആർ ഓ ആവശ്യപ്പെട്ടിരുന്നു. അധിക തുക ആവശ്യമാണെന്നുള്ള പി.ആർ.ഓ യുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ 2019-20 സാമ്പത്തിക വർഷത്തിലെ 22 101 13 Advertisement charges എന്ന ശീർഷകത്തിൽ 40,00,000/- രൂപ അധികമായി അനുവദിക്കാമെന്ന ഫിനാൻസ് വിഭാഗത്തിന്റെ ശുപാർശ ബഹു. വൈസ് ചാൻസലർ സിണ്ടിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ സൂചന (2 ) പ്രകാരം ഉത്തരവായി .

സൂചന (3 ) പ്രകാരം, 05-10-2019ൽ സിൻഡിക്കേറ്റ് യോഗം ഇനം നമ്പർ 32/19.08/DDFS-22948/2019 അനുസരിച്ച് 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിൽ സർവകലാശാലയുമായി ബന്ധപ്പെട്ട എല്ലാ പരസ്യങ്ങളും പ്രസിദ്ധീകരിച്ചതിന്റെ ചെലവിന്റെ വിശദാംശങ്ങൾ ആവശ്യപ്പെടുകയും പി ആർ ഓ ഇത് സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കുകയും ചെയ്തു.

സൂചന (4 ) പ്രകാരം സിൻഡിക്കേറ്റ് ധനകാര്യ ഉപസമിതി പരസ്യങ്ങൾ പ്രസിദ്ധീകരിച്ചതിന്റെ ചിലവിന്റെ വിശദാംശങ്ങൾ പരിശോധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ ശുപാർശ ചെയ്തു.

*(1)*സർവകലാശാലയുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ പരസ്യ ചെലവുകളും കർശ്ശനമായി പരിമിതപ്പെടുത്തേണ്ടതാണ്. ഏറ്റവും ചെലവ് കുറഞ്ഞ മാർഗ്ഗം ഓരോ തരം പരസ്യ പ്രസിദ്ധീകരണത്തിനും അതിന്റെ ആവശ്യവും പ്രാധാന്യവുമനുസരിച്ച് സ്വീകരിക്കേണ്ടതാണ്.

*(2)* പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട വിവിധ മാധ്യമ സ്ഥാപനങ്ങൾക്ക് മുൻ വർഷങ്ങളിലെ കുടിശ്ശിക അടക്കം വലിയ തുക കൊടുക്കേണ്ടതിനാൽ 2019 -20 സാമ്പത്തിക വർഷത്തിലെ 22 101 13 Advertisement

charges എന്ന ശീർഷകത്തിൽ 40,00,000/- രൂപ ( നാല്പത് ലക്ഷം രൂപ മാത്രം ) അധികമായി അനുവദിക്കാൻ ശുപാർശ ചെയ്യുന്നു.

*(3)* സർവകലാശാലയിലെ അഡ്മിഷൻ സംബന്ധിച്ച പരസ്യങ്ങളിലും എറ്റവും ചെലവ് ചുരുക്കിയുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. സർവകലാശാല Press Release,വെബ്സൈറ്റിൽ കൊടുക്കുന്ന വിവരങ്ങൾ എന്നിവ ഉപയോഗിച്ച് അഡ്മിഷൻ സംബന്ധിച്ച അറിയിപ്പുകൾ പൊതു സമൂഹത്തിന് നൽകാൻ ശുപാർശ ചെയ്യുന്നു.

*(4)* സർവകലാശാല നിർബന്ധമായും നൽകേണ്ട പരസ്യങ്ങൾ എറ്റവും കുറവ് ചെലവ് വരുന്ന രീതിയിൽ ക്ലാസിഫൈഡ്/ ക്ലാസിഫൈഡ് ഡിസ്പ്ളേ / ജനറൽ ഡിസ്പ്ളേ എന്നിവയിൽ ഉചിതമായത് തിരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കേണ്ടതാണെന്ന് ശുപാർശ ചെയ്യുന്നു.

സൂചന (5) പ്രകാരം ബഹു. വൈസ് ചാൻസലർ എം ജി യൂണിവേഴ്സിറ്റി ആക്ട് 1985, 3.10 (17) പ്രകാരം സിൻഡിക്കേറ്റ് ധനകാര്യ ഉപസമിതിയുടെ ശുപാർശകൾ അംഗീകരിച്ചു.

ടി അധിക തുക വകയിരുത്തിയതിലൂടെ 2019 -20 സാമ്പത്തിക വർഷത്തിലെ 22 101 13 Advertisement charges എന്ന ശീർഷകത്തിലെ അടങ്കൽ തുക 70,00,000/ - (എഴുപത് ലക്ഷം രൂപ മാത്രം ) ആയി വർധിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

ബിജു മാത്യു

ഫിനാൻസ് ഓഫീസർ
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ / പ്രൊ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2 . രജിസ്ട്രാറുടെ / ഫിനാൻസ് ഓഫിസറുടെ പി എ മാർ
3.എ ഡി ഡി സെക്ഷൻ (അനന്തര നടപടികൾക്കായി )
4 . പബ്ലിക് റിലേഷൻസ് ഓഫിസർ
5 ജോയിന്റ് ഡയറക്ടർ , KSAD
6 .ഫിനാൻസ് 1 / ഓഡിറ്റ് 1 / 5 സെക്ഷനുകൾ
7 .അക്കൗണ്ട്സ് 3 / എ സി സി സെക്ഷനുകൾ
8 . എസ്റ്റേറ്റ് ഓഫീസർ
9 കണ്ടെന്റ് മാനേജ്മെന്റ് / ഐ ക്യൂ എ സി സെക്ഷനുകൾ
10. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File 41723/PRO SECTION /1/2019/PRO Approved by FINANCE OFFICER on 19-Mar-2020 12:18 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം